ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) അന്വേഷണത്തിനാവശ്യമില്ല.

മദ്യവർജ്ജനം

*വ്യ ക ക. (ക വ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ മദ്യമേഖലകളെ അപേക്ഷിച്ച് സമാധാനവും ശാന്തതയും സൈരതയും കൂടുതലായി ഉണ്ടെന്നുള്ളതു ശരിയാണോ;

(ബി) മദ്യവർജ്ജനമേഖലകളിൽ ക്രിമിനൽ കേസുകളും ബഹളങ്ങളും വളരെ കുറവാണെന്നുള്ളതും ശരിയാണോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശരിയാണ്.

(ബി) ശരിയാണ്.

ശ്രീ. സി. വി. ഇയ്യു: മദ്യനിരോധനമേഖലകളിൽ ആളുകൾപോയി കുടികിടക്കുന്നതുകൊണ്ടു അവിടെ വിഷമങ്ങൾ ഉണ്ടാകുന്നതായി അറിയാമോ?

Mr. Speaker: That question is not allowed.

മദ്യവർജ്ജനം

*വ്യ ക ഛ. (ക ൻ) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം പരിപൂർണ്ണ വിജയത്തിൽ വരുത്തണമെന്ന് ഗവൺമെന്റ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രനാൾകൊണ്ട് പരിപൂർണ്ണമാക്കണമെന്നു വിചാരിക്കുന്നു എന്ന് പറയാമോ; അതിലേക്ക് ഗവൺമെന്റിന്റെ മുമ്പാകെ ഒരു ക്ലിപ്ത പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ത്;

(സി) മദ്യമേഖലകളിൽ ഇരിക്കുന്ന പല ഉദ്യോഗസ്ഥന്മാരും മദ്യപാനം ചെയ്യുകൊണ്ട് പൊതുജനോപദ്രവകരങ്ങളായ പല പ്രവൃത്തികളും നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഇന്ന കാലാവധിക്കുള്ളിൽ എന്നു തീർച്ചപറയുവാൻ നിവൃത്തിയില്ല. കഴിയുന്നതുംവേഗം മദ്യനിരോധനം പൂർണ്ണമാക്കണമെന്നാണ് ഗവൺമെന്റിന്റെ നയം

(സി) ഇല്ല.

ശ്രീമതി ദേവകീഗോപിദാസ്: അങ്ങിനെ മദ്യപാനികളായ ഉദ്യോഗസ്ഥന്മാർ മദ്യനിരോധനമേഖലകളിൽ ഇരിക്കുന്നില്ലെന്നാണോ പറയുന്നത്?

Mr. Speaker: That question is disallowed.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ദേവകിഗോപിദാസ് : ഈ പ്രൊഹിബിഷൻ ഏറിയായിലേയ്ക്ക് മദ്യപാനികളല്ലാത്ത ഉദ്യോഗസ്ഥന്മാരെ അയയ്ക്കുണ്ടതാണെന്ന ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ?

Mr. Speaker : That question is not allowed.

ശ്രീ. സി. വി. ഇയ്യു : ഈ സഭയിലെ ഖദർവേഷധാരികളായിട്ടുള്ളവർ മദ്യപിക്കുന്നതിനുവേണ്ടി കൊല്ലത്തേയ്ക്കു പോകാറുണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ ?

ശ്രീ. സി. കേശവൻ : ഗവണ്മെന്റിനറിവില്ല.

Sri. C. V. Iyyu : There are several mmebers who go to Quilon and drink and some here. It is an open secret. If prohibition is introduced in Quilon district, this would not happen.

Mr. Speaker : The form in which the question is put is objectionable. The term "ഖദർവേഷധാരികൾ" is used by the member regarding some of the members of the House. The insinuations and implications involved in the use of the expression cannot be allowed.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഈ സഭയിലെ ഖദർ വേഷധാരികളായിട്ടുള്ളവർ മദ്യപിക്കുന്നതിലേയ്ക്കു കൊല്ലത്തേയ്ക്കു പോകുന്നു എന്നു പറഞ്ഞതു പിൻവലിക്കേണ്ടതാണ്. ഖദർ വേഷധാരികൾ മദ്യപിക്കുന്നതിനായി കൊല്ലത്തേയ്ക്കു പോകുന്നുവെന്നു പറയുന്നതു് ഒരു ആരോപണമാണ്. അതു പിൻവലിക്കണം.

മിസ്റ്റർ സ്പീക്കർ : ഖദർ വേഷധാരികൾ കൊല്ലത്തേയ്ക്കു പോകുന്നു എന്നു പറയുന്നതു ആക്ഷേപകരമാകണമെന്നില്ല. എന്നാൽ "ഈ സഭയിലെ ഖദർ വേഷധാരികളായവർ" എന്നു പറഞ്ഞതു് ഈ സഭയിലെ ഏതാനും മെമ്പറന്മാരെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ള ആക്ഷേപസൂചകമായ ഒരു പ്രസ്താവനയാണ്. അതു് ഒബ്ജക്ഷണബിൾ തന്നെ. പിൻവലിക്കണം.

Sri. C. V. Iyyu: I may be allowed to give an explanation to that.

Mr. Speaker: No explanation in regard to that can be allowed.

Sri. C. V. Iyyu: Persons like me can bring.....

Mr. Speaker : Order, order. Is the Member withdrawing the expression used.

Sri. C. V. Iyyu: I shall withdraw, but I may be permitted to explain.

Mr. Speaker : Order, order. The expression having been found to be objectionable the member has been asked to withdraw it. Whether the member is doing so or not is the only question.

Sri. C. V. Iyyu : I am bound to obey the ruling of the Chair and I withdraw. But I may be allowed to speak by way of explanation.

Mr. Speaker : There is no occasion for any explanation on this matter.

Sri. Kalathil Velayudhan Nair ; May I put question No. 20.

Mr. Speaker : Yes, it may be put.

ടെക്സ്റ്റ് ബുക്ക്

*൨൦൧. (൨൦) ശ്രീ. പി. ചാക്കോ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly